"ഭരണഭാഷ-മാതൃഭാഷ"

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 09/06/2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ കാര്യാലയ മേധാവികൾക്കും

സർ,

വിഷയം: വനിതാ ശിശു വികസന വകുപ്പ് - ഡയറക്ടറേറ്റ് - ഫയൽ തീർപ്പാക്കൽ - നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്

സൂചന: സർക്കാരിന്റെ 04.06.2022 തീയതിയിലെ ഡബ്ല്യു.സി.ഡി.-പി.എസ്.2/118/2022 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഫയൽ തീർപ്പാക്കൽ യജ്ഞം 2022 ജൂൺ മാസം 10 മുതൽ സെപ്റ്റംബർ 30 വരെ തീരുമാനിച്ചിട്ടുള്ളതായി സൂചന പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് വനിതാ ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന യോഗതീരുമാനങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടി യോഗതീരുമാനങ്ങൾ പ്രകാരം ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതും ആയതിൽ നടപടി സ്വീകരിക്കേണ്ടതുമാണ്. ജില്ലാ ഓഫീസ് തലത്തിൽ ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ജൂൺ മാസം മുതൽ മാസത്തിലെ രണ്ടാഴ്ചയിലെ ബുധനാഴ്ച ഫയൽ തീർപ്പാക്കൽ പുരോഗതി സംബന്ധിച്ച അദാലത്ത് നടത്തേണ്ടതും നടപടി റിപ്പോർട്ട് അടിയന്തിരമായി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,
വനിതാ ശിശു വികസന ഡയറക്ടർ

E-179344/22/DWCD

D3

5299999/2022

"ഭരണഭാഷ- മാതൃഭാഷ"

വളരെഅടിയന്തരം

കേരള സർക്കാർ

വനിതാശിശുവികസന (പിഎസ് ) വകുപ്പ്

നമ്പർ.ഡബ്ല്യു.സി.ഡി.-പി എസ്2/118/2022

04-06-2022,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

1)ഡയറക്ടർ, വനിതാ ശിശുവികസന വകുപ്പ്
2)മാനേജിംഗ് ഡയറക്ടർ, വനിതാ വികസന കോർപ്പറേഷൻ
3)മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ
4)സ്പെഷ്യൽ ഓഫീസർ, ജെന്റർ പാർക്ക്
5)സെക്രട്ടറി, സംസ്ഥാന ബാലാവകാശ കമ്മീഷൻ
6)അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ശിശുക്ഷേമ സമിതി

സർ,

വിഷയം:- വനിതശിശുവികസന വകുപ്പ് ഫയൽ തീർപ്പാക്കൽ പുരോഗതിയും അനുബന്ധവിഷയങ്ങളുമായി ബന്ധപ്പെട്ട് വനിതാശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്

സൂചന:- വനിതാ ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 03/06/2022-ൽ നടന്ന യോഗം

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.ഫയൽ തീർപ്പാക്കൽ പുരോഗതിയും അനുബന്ധവിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 03/06/2022-ൽ നടന്ന യോഗ തീരുമാനങ്ങളിൽ അടിയന്തരമായി നടപടി സ്വീകരിച്ച് നടപടി റിപ്പോർട്ട് താമസംവിനാ അയയ്ക്കുവാൻ താത്പര്യപ്പെടുന്നു. യോഗ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1)ഫയൽ തീർപ്പാക്കൽ യജ്ഞം 2022 ജൂൺ മാസം 10 മുതൽ സെപ്റ്റംബർ 30 വരെയാണ് .ആയതിനാൽ ഡയറക്ടേറ്റിലും അനുബന്ധ സ്ഥാപനങ്ങളിലും തീർപ്പാക്കാത്ത ഫയലുകൾ സംബന്ധിച്ച വിശദാംശങ്ങൾ നിശ്ചിത മാതൃകയിൽ (ഉള്ളടക്കം ചെയ്യുന്നു ) ജൂൺ 10ന് മുമ്പായി തയ്യാറാക്കേണ്ടതാണ്.

2)ഫയൽ തീർപ്പാക്കൽ സംബന്ധിച്ച് ഡയറക്ടേറ്റ് തലത്തിലും അനുബന്ധ സ്ഥാപനങ്ങളിലും ആക്ഷൻ പ്ലാൻ തയ്യാറേക്കേണ്ടതാണ്.

3)2022 ഒക്ടോബർ മാസം 10-ാം തീയതി ഫയൽ തീർപ്പാക്കൽ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് സർക്കാർ തലത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

4) വകുപ്പുതലത്തിൽ ഫയൽ തീർപ്പാക്കൽ സംബന്ധിച്ച മോണിറ്ററിംഗ് സംവിധാനം താഴെ പറയുന്ന വിധത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

i) ജൂൺ മാസം മുതൽ മാസത്തിലെ രണ്ടാം ആഴ്ചയിലെ ബുധനാഴ്ച വകുപ്പിലെ ജില്ലാ ഓഫീസ് തലത്തിൽ ഫയൽ തീർപ്പാക്കൽ പുരോഗതി സംബന്ധിച്ച അദാലത് നടത്തി റിപ്പോർട്ട് ഡയറക്ടറേറ്റിനെ അറിയിക്കേണ്ടതാണ്.

ii) വകുപ്പുമേധാവി തലത്തിലുള്ള ഫയൽ തീർപ്പാക്കൽ സംബന്ധിച്ച അവലോകനം മാസത്തിലെ മൂന്നാമത്തെ ആഴ്ചയിലെ ബുധനാഴ്ച നടത്തി റിപ്പോർട്ട് സർക്കാറിൽ ലഭ്യമാക്കേണ്ടതാണ്. സെക്രട്ടറി തലത്തിലുള്ള ഫയൽ തീർപ്പാക്കൽ സംബന്ധിച്ച അവലോകനം മാസത്തിലെ നാലാമത്തെ ബുധനാഴ്ചയും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിലുള്ള യോഗം മാസത്തിലെ അവസാനത്തെ വെള്ളിയാഴ്ചയും നടത്തുന്നതാണ്

5) ഡയറക്ടേറ്റിലും ജില്ലാ തല ഓഫീസുകളിലും സമ്പൂർണ്ണ ഇ -ഓഫീസ് സംവിധാനം അടിയന്തരമായി സജ്ജമാക്കേണ്ടതും നിലവിലെ സ്ഥിതി അറിയിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,
SARADA DEVI.U
UNDER SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.
പകർപ്പ്:വനിതാശിശുവികസന (എ,ബി,സി) വകുപ്പുകൾ

WC-PS2/118/2022-WCD

619874?/2022/WCDD (PS)

# Women and Child Development Department

## Details of Pending Files

| Sl No | File No | Subject | Pending with | Remarks |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |